ച്ചുകൊടുത്തിട്ടുണ്ട്, സംഘത്തിൽനിന്നും നിശ്ചിത ഫാറത്തിൽ ആവശ്യമായ രേഖകൾ സഹിതം ലഭിക്കുന്ന അപേക്ഷ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പരിശോധിച്ച്, ജില്ലാപഞ്ചായത്തിലേയ്ക്ക് അയയ്ക്കുന്നതാണ്. ജില്ലാപഞ്ചായത്തുവഴി വനിതാവ്യവസായ പദ്ധതിപ്രകാരമുള്ള കെട്ടിട നിർമ്മാണ ഗ്രാന്റ് അർഹതയുള്ള സംഘങ്ങൾക്ക് നൽകുന്നത്.

12 (1735) കാപ്പെക്സിലെ ബോണസ് വിതരണം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 കാലയളവിൽ ബോണസ് വിതരണം ചെയ്ത വേളയിൽ കാപ്പെക്സിൽ ഡെപ്യൂട്ടേഷനിലുണ്ടായിരുന്ന ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ; അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) വസ്തുനിഷ്ഠമായ അന്വേഷണം ഇക്കാര്യത്തിൽ നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുമോ;

(സി) 1996-ലെ ബോണസ് വിതരണം സംബന്ധിച്ചുള്ള പെന്റിംഗ് ഇഷ്യൂ എന്നത്തേക്ക് തീർപ്പാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1996 കാലയളവിൽ അർഹതപ്പെട്ട ബോണസ് വിതരണം ചെയ്ത വേളയിൽ ഡെപ്യൂട്ടേഷനിൽ ഉണ്ടായിരുന്ന ആരെയും ഒഴിവാക്കിയിട്ടില്ല. 1996 കാലയളവിൽ ഡെപ്യൂട്ടേഷനിൽ മാനേജർ/സൂപ്രണ്ടായി കാപ്പെക്സിൽ ജോലി നോക്കിയ ശ്രീ. ടി.വി. മാത്യുകുട്ടിയ്ക്ക് ജി.ഒ(പി) നമ്പർ 532/96/ഫിൻ. തീയതി 9/8/96 പ്രകാരം 31/3/96-ൽ 6 മാസത്തെ സർവ്വീസ് ഇല്ലാതിരുന്നതിനാൽ ബോണസ് നൽകിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല

(സി) ബോണസ് ആക്ടിലെ നിബന്ധനകൾക്ക് വിധേയമായി 1996 ലെ ബോണസ് വിതരണം സംബന്ധിച്ചുള്ള പെന്റിംഗ് ഇഷ്യൂ യാതൊന്നും നിലവിലില്ല.

13 (1736) കശുവണ്ടിഎണ്ണയിൽനിന്ന് പെയിന്റ് ഉൽപാദനം

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. എ.വി. അബ്ദു റഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഷ്യൂ കോർപ്പറേഷൻ കശുവണ്ടിഎണ്ണയിൽനിന്നും പെയിന്റ് ഉണ്ടാക്കാനുള്ള വ്യവസായം ആരംഭിക്കാൻ പദ്ധതി ആവിഷ്കരിച്ചിരുന്നോ;

(ബി) എങ്കിൽ ഇത് പ്രാവർത്തികമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെ?

LIBRARY ARCHIVES Kerala Legislative Assembly